**Office of the Minister for Welfare of
SC/ST & BC, Law
Parliamentary Affairs & Culture
Government of Kerala**
PABX : 2336576

18.09.2017

പത്രക്കുറിപ്പ്

# അട്ടപ്പാടിയിൽ ദുരിതത്തിൽപ്പെട്ട ആദിവാസികളെ പുനരധിവസിപ്പിക്കും : എ കെ ബാലൻ

അട്ടപ്പാടിയിൽ കഴിഞ്ഞ ദിവസം ഉണ്ടായ ശക്തമായ മഴയിലും ഉരുൾപ്പൊട്ടലിലും ദുരിതത്തിൽപ്പെട്ട മുഴുവൻ പട്ടികവർഗ്ഗ ജനവിഭാഗങ്ങളെയും പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക ക്ഷേമവകുപ്പ് മന്ത്രി എ കെ ബാലൻ അറിയിച്ചു. ആനക്കൽ ഊരിലെ ഉരുൾപൊട്ടലിൽ മൂന്ന് വീടുകൾ നിശേഷം തകർന്നു. നിരവധി വീടുകൾക്ക് ഭാഗികമായി കേടുപാടുകൾ സംഭവിച്ചു. നിരവധി വളർത്തുമൃഗങ്ങൾ ഒഴുകിപ്പോയി. വ്യാപകമായ കൃഷിനാശം ഉണ്ടായി. ഈ പ്രദേശത്ത് 62 പേരെ ഐടിഡിപിയുടെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള കാരുണ്യ ആശ്രമത്തിൽ മാറ്റി പാർപ്പിച്ചിരിക്കുകയാണ്. ഇവർക്ക് ആവശ്യമായ വസ്ത്രവും ഭക്ഷണവും ഉൾപ്പെടെയുള്ള എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. ഷോളയാർ ഒഴിച്ചുള്ള മറ്റ് പഞ്ചായത്തുകളിൽ പൂർണമായോ, ഭാഗികമായോ നിരവധി വീടുകൾ തകർന്നിട്ടുണ്ട്. വീടുകൾ നഷ്ടപ്പെട്ടവർക്ക് വീട് നൽകുന്നതിനും മറ്റ് നാശനഷ്ടങ്ങൾ സംഭവിച്ചവരെ പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിക്കാൻ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർക്ക് മന്ത്രി നിർദ്ദേശം നൽകി.

**S. Asokakumar**
**Personal Assistant to Minister for the Scheduled Castes, Scheduled Tribes, Backward Classes, Law & Culture**